# കളക്ടറേറ്റ് തൃശ്ശൂർ

CFLTC-H4-14476/2020

## ദർഘാസ് പരസ്യം

കോവിഡ്-19 സാമൂഹ്യ വ്യാപനമുണ്ടായാൽ നിലവിലുള്ള പൊതുജനാരോഗ്യ സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്തതരത്തിൽ, രോഗ വ്യാപനത്തെ നേരിടുന്നതിനുവേണ്ടി പ്രത്യേകമായി തയ്യാറാക്കുന്ന ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളായ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ (CFLTC) അവശ്യസൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കുന്നതിനാവശ്യമായ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള വസ്തുക്കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സജ്ജീകരിച്ചിട്ടുള്ള കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ 2500 രോഗികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ ഒന്നാം ഘട്ടത്തിൽ അടിയന്തരമായി ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിലേക്കായി ലിസ്റ്റ് പ്രകാരമുള്ള വസ്തുക്കൾ ആവശ്യാനുസരണം ഘട്ടംഘട്ടമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവെച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന സാധന സാമഗ്രികളുടെ തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതാണ്.

**പൂരിപ്പിച്ച ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും:** 22.07.2020, ഉച്ചക്ക് 12 മണി

**ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന തീയതിയും സമയവും:** 22.07.2020, ഉച്ചകഴിഞ്ഞ് 02 മണി

**ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന സ്ഥലം - ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടറുടെ ചേമ്പർ, കളക്ടറേറ്റ്, തൃശ്ശൂർ**

കളക്ടറേറ്റ്, തൃശ്ശൂർ
തീയതി: 17.07.2020

(ഒപ്പ്)
**ജില്ലാ കളക്ടർ, തൃശ്ശൂർ**

// അംഗീകാരത്തോടെ //

ഡെപ്യൂട്ടി കളക്ടർ (ഡി.എം)

## ആവശ്യമുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ

1. ഹോസ്പിറ്റൽ കട്ടിൽ 6 അടി x 2 ½ അടി

   (Frame 1 ½ inch square pipe, മുകളിൽ കുറഞ്ഞത് 10 mm കനമുള്ള

   പ്ലൈവുഡ്)

2. റെക്സിൻ കവർ ചെയ്ത 6 അടി x 2 ½ അടി മെത്ത

   (2 inch കനം –മേൽ കട്ടിലിന് യോജിച്ചത്)

3. തലയിണ ചെറിയത്

4. ബെഡ്ഷീറ്റ്, മേൽ ബെഡ് കവർ ചെയ്യുന്നതിന് (കോട്ടൺ)

5. കസേര, കൈ ഇല്ലാത്തത് (പ്ലാസ്റ്റിക്)

6. പ്ലാസ്റ്റിക് ബക്കറ്റ് (20 ലിറ്റർ)

7. പ്ലാസ്റ്റിക് മഗ്ഗ് (1 ലിറ്റർ)